62 (1794) ഫയർ വാച്ചുമാൻമാരായി താൽക്കാലിക നിയമനം ലഭിച്ച ആദിവാസികൾ

<u>ശ്രീമതി രാധാ രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ വാച്ചുമാൻമാരായി താൽക്കാലിക നിയമനം ലഭിച്ച ആദിവാസികൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വനത്തിലേയും വനം വകുപ്പിലേയും താഴ്ന്ന വിഭാഗം ജീവനക്കാരുടെ നിയമനത്തിന് ആദിവാസി വിഭാഗങ്ങൾക്ക് മുൻഗണന നൽകണമെന്ന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ; എങ്കിൽ അത് പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) താൽക്കാലിക നിയമനം ലഭിച്ച ആദിവാസികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഫയർ വാച്ച്മാൻ എന്ന ഒരു തസ്തിക വനം വകുപ്പിൽ നിലവിലില്ല. ആയതിനാൽ ഫയർ വാച്ചുമാൻമാരെ സ്ഥിരമായോ താൽക്കാലികമായോ നിയമിക്കാറില്ല. എന്നാൽ വേനൽക്കാലങ്ങളിൽ വനങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഫയർ മസ്ദൂർമാരെ ഉദ്ദേശം നാലുമാസക്കാലത്തേയ്ക്ക് നിയോഗിക്കാറുണ്ട്. ഇവർക്ക് മറ്റു ഫോറസ്ട്രി ജോലികൾക്ക് നിയോഗിക്കുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ വേതനവും നൽകാറുണ്ട്. ഇപ്രകാരം നിയോഗിക്കപ്പെടുന്ന ഫയർ മസ്ദൂർ ഏതു ജാതിയിൽപ്പെട്ടവരാണെന്നുള്ള വിവരങ്ങൾ വനം വകുപ്പ് സൂക്ഷിക്കാറില്ല. എന്നാൽ വനം ജോലികളിൽ ഏർപ്പെടുന്ന തൊഴിലാളികളിലും ഫയർ മസ്ദൂർമാരിലും അതാത് പ്രദേശത്തെ ആദിവാസികൾക്ക് മുൻഗണന നൽകാറുണ്ട്.

(ബി) വനത്തിലെയും വനം വകുപ്പിലെയും താഴ്ന്ന വിഭാഗം ജീവനക്കാരുടെ നിയമനത്തിന് ആദിവാസി വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നതിന് പ്രത്യേക വ്യവസ്ഥയില്ല. എന്നാൽ വനം ജോലികൾക്ക് നിയോഗിക്കുന്ന തൊഴിലാളികളിൽ അതാത് പ്രദേശത്തെ ആദിവാസികൾക്ക് മുൻഗണന നൽകുന്നുണ്ട്.

(സി) മുകളിൽ (എ) വിഭാഗത്തിനു നൽകിയിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

63 (1795) വനം വകുപ്പിലെ ഫോറസ്റ്റർ തസ്തിക

<u>ശ്രീ. സി.കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഫോറസ്റ്റർ ആയി നിയമിക്കുന്നതിന് മിനിസ്റ്റീരിയൽ സ്റ്റാഫിന് സംവരണം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ നിയമിക്കപ്പെടുന്നതിന് കുറഞ്ഞ പരീക്ഷാ യോഗ്യതയായി പ്രീ-ഡിഗ്രി നിശ്ചയിച്ചിട്ടുണ്ടോ;

(സി) നേരിട്ടുള്ള നിയമനത്തിന് എസ്.എസ്.എൽ.സി. കുറഞ്ഞ പരീക്ഷാ യോഗ്യതയായി നിശ്ചയിച്ചിരിക്കുമ്പോൾ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് പ്രീ-ഡിഗ്രി വേണമെന്ന് നിഷ്കർഷിക്കുന്നതിൽ അപാകത ഇല്ലേ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പ്രശ്നത്തിൽ ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) ഇല്ല. 1990 മുതൽ ഫോറസ്റ്റർമാരുടെ നേരിട്ടുള്ള നിയമനത്തിന്റെ പരീക്ഷാ യോഗ്യത പ്രീ-ഡിഗ്രിയാണ്. ആയതിനാൽ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്കും അതേ യോഗ്യത നിശ്ചയിച്ചിരിക്കുന്നതിൽ അപാകതയില്ല.

(ഡി) ഇല്ല.

64 (1796) കെ.എസ്.ആർ.ടി.സി.യെപ്പറ്റി പഠനം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കെ.എസ്. ആർ.ടി.സി.യെപ്പറ്റി സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനെപ്പറ്റി സംസ്ഥാന ആസൂത്രണ ബോർഡ് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ കെ.എസ്.ആർ.ടി.സി.ക്ക് സ്വയംഭരണാവകാശം നൽകുന്നതിനെപ്പറ്റി പ്രസ്തുത റിപ്പോർട്ടിൽ എന്തൊക്കെ ശുപാർശകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനത്തെ കെ.എസ്.ആർ. ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും തമ്മിലുള്ള അനുപാതം എത്ര ആണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(ഇ) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും സ്വകാര്യ ബസ്സുകൾക്കും തമ്മിൽ നിയതമായ അനുപാതമില്ല. എങ്കിൽത്തന്നെയും കഴിഞ്ഞ 3 വർഷത്തെ കെ.എസ്.ആർ.ടി.സി. ബസ്സുകളുടേയും സ്വകാര്യ ബസ്സുകളുടേയും എണ്ണം ചുവടെ ചേർക്കുന്നു.

വർഷം	കെ.എസ്.ആർ.ടി.സി. ബസ്സുകൾ	സ്വകാര്യ ബസ്സുകൾ
1995-96	3505	15430
1996-97	3750	17325
1997-98	3783	15113

LIBRARY ARCHIVES Kerala Legislative Assembly